**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5147** **14-03-2023 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം ഇവ എല്ലാ ക്ഷേമനിധി ബോർഡുകളും നൽകുന്നുണ്ട്. പ്രസവാനുകൂല്യം കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള എല്ലാ ബോർഡുകളും നൽകുന്നുണ്ട്. കൂടാതെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അധിവർഷാനുകൂല്യം നൽകി വരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, അപകട ചികിത്സാ ധനസഹായം, സ്വയം വിരമിക്കൽ പെൻഷൻ ഇവ നൽകുന്നുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് അവശതാ പെൻഷൻ, കുടുംബ പെൻഷൻ, അബോർഷൻ ധനസഹായം എന്നിവ നൽകിവരുന്നു. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, മരണാനന്തര ചെലവ് എന്നിവ നൽകിവരുന്നു. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പ്രതിവർഷം 1,250/- രൂപ നിരക്കിൽ സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യവും നൽകുന്നുണ്ട്. |
| (ബി) | 2011-2016 സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന ആനുകൂല്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | പെൻഷൻ തുക 1,600/- രൂപയായി വർദ്ധിപ്പിട്ടുണ്ട്. മാറ്റം വന്നിട്ടുള്ള മറ്റ് ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസവാനുകൂല്യം എത്ര തുകയായിട്ടാണ് വെട്ടിക്കുറച്ചതെന്ന് വിശദമാക്കാമോ; | (സി) | ആനുകൂല്യം വെട്ടിക്കുറച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ നൽകുന്ന പ്രസ്തുത തുക അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ആനുകൂല്യം വെട്ടിക്കുറച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

ടി ബോർഡ് നൽകി വരുന്ന മരണാനന്തര ധനസഹായവും വിവാഹ ധനസഹായവും 2,000/- രൂപയിൽ നിന്ന് 5,000/- രൂപയായും ചികിത്സാധനസഹായം 5 വർഷത്തിലൊരിക്കൽ 2,500/- രൂപ എന്നത് 3 വർഷത്തിലൊരിക്കൽ 4,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

### കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

വിവാഹ ധനസഹായം - 2,000/- രൂപയിൽ നിന്ന് 5,000/- രൂപ

ചികിത്സാ ധനസഹായം - 1000/- മുതൽ 5000/- രൂപ വരെ എന്നത് 5,000/- മുതൽ 25,000/- രൂപ വരെ

മരണാനന്തര ധനസഹായം - 25,000/- രൂപയിൽ നിന്ന് 40,000/- രൂപ

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - 1000/- മുതൽ 4000/- രൂപ വരെ എന്നത് 2,000/- രൂപ മുതൽ 6,000/- രൂപ വരെ

റിട്ടയർമെന്റ് ആനുകൂല്യം - അംശദായമായി നിധിയിൽ അടച്ചിട്ടുള്ള തുകയും അംശദായം അടച്ച തീയതികൾ കണക്കിലെടുത്ത് അംശദായ തുകയ്ക്ക് 5.5% പലിശയും ചേർത്ത തുക 100 മുതൽ 60,000/- രൂപ വരെ ആയിരുന്നത് പരമാവധി 1,50,000/- രൂപ വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

### കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

ഹൈസ്കൂൾ മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള വിദ്യാഭ്യാസ ധനസഹായം 66% മുതൽ 138% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹ ധനസഹായം 2,000/- രൂപ എന്നത് 5,000/- രൂപയായും ചികിത്സാ ധനസഹായം 5,000/- രൂപ എന്നത് 10,000/- രൂപയായും ആശ്രിത ധനസഹായം 5,000/- രൂപ എന്നത് 25,000/- രൂപയായും വർദ്ധിപ്പിച്ചു.

### കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്

അംഗത്തിന്റെ രണ്ട് പെൺമക്കൾക്കും വനിതാ അംഗത്തിനും നൽകി വന്നിരുന്ന വിവാഹാനുകൂല്യം 7,500/- രൂപയായും പുരുഷ അംഗത്തിന് 5,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മരണാനന്തര ചെലവ് 5,000/- രൂപയായി വർദ്ധിപ്പിച്ചു. SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 3,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ഡിഗ്രി, പി.ജി (പ്രൊഫഷണൽ ഉൾപ്പെടെയുള്ള കോഴ്സുകളിൽ) 60% ന് മുകളിൽ മാർക്ക് നേടി ഉന്നത വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 5,000/- രൂപ, 7,500/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നുണ്ട്. കലാ-കായിക-സാംസ്കാരിക മേഖലകളിൽ മികവു തെളിയിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് 3,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

| കോഴ്സ് | അനുവദിച്ചിരുന്ന തുക | വർദ്ധിപ്പിച്ച തുക |
|---|---|---|
| ഹയർ സെക്കണ്ടറി | 750/- | 1,000/- |
| ഡിഗ്രി (നോൺ പ്രൊഫഷണൽ കോഴ്സുകൾ) | 1,000/- | 1,500/- |
| പോസ്റ്റ് ഗ്രാജ്വേറ്റ് (നോൺ പ്രൊഫഷണൽ കോഴ്സുകൾ) | 1,500/- | 2,000/- |
| അണ്ടർ ഗ്രാജ്വേറ്റ് പ്രൊഫഷണൽ കോഴ്സുകൾ | 750/- | 1,250/- |
| പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ | 750/- | 1,250/- |
| പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ | 2,000/- | 2,500/- |
| പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ | 2,500/-, 3,000/- | 3,000/-, 3,500/- |

**കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

വിവാഹ ധനസഹായം - 1,000/- രൂപ എന്നത് 7,500/- രൂപ
ചികിത്സാ ധനസഹായം - 10,000/- രൂപ എന്നത് 15,000/- രൂപ
SSLC ക്യാഷ് അവാർഡ് - 300, 500 രൂപ എന്നത് 600/-, 1,000/- രൂപ
ഹൈസ്കൂൾ ഗ്രാന്റ് - 300 രൂപ എന്നത് 600/- രൂപ

ഉന്നതവിദ്യാഭ്യാസ ധനസഹായം നൽകിവന്നിരുന്ന തുകകളെല്ലാം ഇരട്ടിയാക്കിയും അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം 7,500/- രൂപയായും (5,000/- രൂപ) ഭിന്നശേഷിക്കാർക്കുള്ള ധനസഹായം പ്രതിമാസം 250/- രൂപയായും (100/- രൂപ) ലൈബ്രറി ഗ്രാന്റ് 10,000/- രൂപയായും (5,000/-രൂപ) ടൂർ സബ്സിഡി നിരക്ക് ഇരട്ടിയാക്കിയും ITI സ്റ്റൈപന്റ് 300/- രൂപയായും (150/- രൂപ) വർദ്ധിപ്പിച്ചു. കൂടാതെ പുതിയ ആനുകൂല്യങ്ങൾ, പ്രസവാനുകൂല്യ പദ്ധതി, മെഡിക്കൽ എഞ്ചിനീയറിംഗ് ധനസഹായ പദ്ധതി, അപകട മരണ ധനസഹായ പദ്ധതി, മരണാനന്തര ചെലവിനുള്ള ധനസഹായം എന്നിവ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

**കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

ടി ബോർഡിൽ വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

**കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

1. പെൻഷൻകാരുടെ മരണാനന്തര ചെലവ് 2,000/- രൂപയിൽ നിന്ന് 3,000/- രൂപയായി വർദ്ധിപ്പിച്ചു.

2. അംഗതൊഴിലാളിയുടെ മരണാനന്തര ചെലവ് 2,000/-രൂപയിൽ നിന്ന് 4,000/- രൂപയായി വർദ്ധിപ്പിച്ചു.

3. കണ്ണ് ഓപ്പറേഷൻ, ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ധനസഹായം 2,000/- രൂപയിൽ നിന്ന് 4,000/-രൂപയായി വർദ്ധിപ്പിച്ചു.

4. സാധാരണ ചികിത്സാധനസഹായമായി ആദ്യത്തെ അഞ്ചു ദിവസത്തേയ്ക്ക് നൽകി വന്നിരുന്ന 400/- രൂപ 800/രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും 70/- രൂപയിൽ നിന്നും 150/- രൂപയായും വർദ്ധിപ്പിച്ചു.

5. അപകട ചികിത്സാധനസഹായമായി ആദ്യത്തെ അഞ്ചു ദിവസത്തേയ്ക്ക് നൽകി വന്നിരുന്ന 750/- രൂപ 1,000/- രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും 100/- രൂപയിൽ നിന്ന് 200/- രൂപയായും വർദ്ധിപ്പിച്ചു.

6. എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് 2,500/, 2,000/-,1,500/- എന്നീ ക്രമത്തിൽ നൽകി വന്നത് 3,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഏകീകരിക്കുകയും അർഹരാവുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ അപകടമരണധനസഹായം 3 ലക്ഷം രൂപയിൽ നിന്ന് 4 ലക്ഷം രൂപയായും, മരണാനന്തര ധനസഹായം 25,000/- രൂപയിൽ നിന്ന് 50,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

മരങ്ങൾ, കുറ്റിച്ചെടികൾ, മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഹൃദയാഘാതം മൂലമോ, കുഴഞ്ഞു വീണോ, ജോലി സ്ഥലത്ത് മരണപ്പെടുന്ന അംഗത്തിന്റെ മരണം ജോലി സ്ഥലത്തെ മരണമായി കണക്കാക്കി ഒരു ലക്ഷം രൂപ നോമിനിക്ക്/ആശ്രിതർക്ക് അനുവദിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ സ്ഥലത്ത് വച്ചുള്ള അപകടത്തെ തുടർന്ന് സ്ഥിരമായ അവശത 50 ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി അവശതയുടെ ശതമാനത്തിന് ആനുപാതികമായ തുക (പരമാവധി 1 ലക്ഷം രൂപ) അവശത ധനസഹായമായി അനുവദിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്